**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 725** **11-06-2024 - ൽ മറുപടിയ്ക്ക്**

**സോളാർ വൈദ്യുതി നിലയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇതുവരെയായി എത്ര മെഗാവാട്ട് സോളാർ വൈദ്യുത നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് നാളിതുവരെയായി 1087.71 മെഗാവാട്ട് സോളാർ വൈദ്യുത നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 16.4 മെഗാവാട്ട് ഓഫ്ഗ്രിഡ് സോളാർ വൈദ്യുത നിലയങ്ങൾ അനെർട്ട് മുഖേനയും സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിലയങ്ങളിൽ നിന്നും പ്രതിവർഷം എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (ബി) | വാർഷിക ശരാശരിയിൽ 1 KW നിലയം ഒരു ദിവസം ശരാശരി 4 യൂണിറ്റ് ഉല്പാദിപ്പിക്കുമെന്ന കണക്കിൽ ഒരു വർഷം 1460 യൂണിറ്റ് ഉല്പാദനം പ്രതീക്ഷിക്കുന്നു. അത്തരത്തിൽ 1087.71 MW സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങളിൽ നിന്ന് പ്രതിവർഷം 158.81 മില്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദനം പ്രതീക്ഷിക്കുന്നു.<br><br>അനെർട്ട് മുഖേന സ്ഥാപിച്ച 16.4 മെഗാവാട്ട് ഓഫ്ഗ്രിഡ് സോളാർ വൈദ്യുത നിലയങ്ങളിൽ നിന്നും പ്രതിവർഷം ഏകദേശം 1,92,00,000 യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നു |
| (സി) | പുരപ്പുറ സോളാർ പദ്ധതി പ്രകാരം കെ.എസ്.ഇ.ബി. യൂണിറ്റിന് എത്ര രൂപയാണ് ഉല്പാദകർക്ക് നൽകുന്നതെന്ന് വിശദമാക്കുമോ; | (സി) | 2022-23 സാമ്പത്തിക വർഷം ഗ്രിഡിലേക്ക് അധികമായി സോളാർ വൈദ്യുതി ഉല്പാദകർ നൽകിയ വൈദ്യുതിക്ക് യൂണിറ്റിന് 2.69 രൂപയാണ് ഉല്പാദകർക്കു നൽകിയത്. പ്രസ്തുത നിരക്ക് കാലാകാലങ്ങളിൽ റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കു വിധേയമായിട്ടായിരിക്കും ഉല്പാദകർക്കു നൽകുക. |
| (ഡി) | പ്രസ്തുത ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം ആകെ എത്ര രൂപ ഉല്പാദകർക്ക് നൽകിയിട്ടുണ്ടെന്നും എപ്പോഴാണ് തുക നൽകുന്നതെന്നും വ്യക്തമാക്കുമോ? | (ഡി) | കഴിഞ്ഞ സാമ്പത്തിക വർഷം 16,30,93,227/- രൂപ (പതിനാറു കോടി മുപ്പത് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി ഇരുന്നൂറ്റി ഇരുപത്തി ഏഴ് രൂപ) ആണ് ഉത്പാദകർക്ക് നൽകിയിട്ടുള്ളത്. 2023 ഏപ്രിൽ മാസം ഒന്നാം തീയതി മുതൽ തുക നൽകി തുടങ്ങി. |

സെക്ഷൻ ഓഫീസർ